**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2880 06/11/2019 -ലെ മറുപടിക്ക്.

**ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം**

ചോദ്യം

**ശ്രീ.എൻ. ഷംസുദ്ദീൻ :**

മറുപടി

**ശ്രീ. ടി.പി.രാമകൃഷ്ണൻ**

**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാന തൊഴിൽ വകുപ്പിനു കീഴിൽ എത്ര ക്ഷേമനിധി ബോർഡുകൾ നിലവിലുണ്ട്; ഇവയുടെ വിശദാംശം നൽകാമോ; | (എ) | സംസ്ഥാനത്ത് തൊഴിൽ വകുപ്പിന് കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്<br>2. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്<br>3. കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷമെന്റ് വർക്കേഴ്സ് ക്ഷേമനിധി ബോർഡ്<br>4. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്<br>5. കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്<br>6. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്<br>7. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്<br>8. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്<br>9. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്<br>10. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്<br>11. കേരള ചെറുകിട തോട്ടം തൊഴിലാളിക്ഷേമനിധി ബോർഡ്<br>12. കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് |

| | | | |
|---|---|---|---|
| | | | 13. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡ്<br>14. കേരള ബീഡി & സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്<br>15. കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ്<br>16 കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡ് |
| (ബി) | പ്രസ്തുത ബോർഡുകളുടെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്താറുണ്ടോ; ആയത് വിശദമാക്കുമോ; | (ബി) | ഉണ്ട്.<br>അവലോകനയോഗങ്ങൾ നടത്തി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്താറുണ്ട്. യോഗങ്ങളിൽ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങൾ പൊതുവായും ഓരോ ബോർഡിന്റെയും പ്രത്യേകിച്ചുമുള്ള പ്രവർത്തനങ്ങൾ വിലയിരുത്തി ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) | ഉന്നത തസ്തികയിൽ ജോലി ചെയ്യുന്ന പല ഉദ്യോഗസ്ഥരും ക്ഷേമനിധി ബോർഡുകളിൽ ഡെപ്യൂട്ടേഷനിൽ വന്ന് താഴ്ന്ന തസ്തികയിൽ ജോലിചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥരുടെ വിശദവിവരം ലഭ്യമാക്കുമോ; | (സി) & (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>സമാന തസ്തികകളിലേയ്ക്കാണ് സാധാരണയായി ഡെപ്യൂട്ടേഷൻ അനുവദിക്കുന്നത്. സ്പെഷ്യൽ റൂളുകൾ നിലവിൽ വന്ന് പി.എസ്.സി. വഴി നിയമനം നടത്തുവാൻ കഴിഞ്ഞിട്ടില്ലാത്ത സാഹചര്യത്തിൽ ഭൂരിഭാഗം ക്ഷേമനിധി ബോർഡുകളിലും ഡെപ്യൂട്ടേഷൻ നിയമനം ബോർഡുകളുടെ സുഗമമായ പ്രവർത്തനത്തിന് അനിവാര്യമായ സാഹചര്യമാണ് നിലവിലുള്ളത്. |
| (ഡി) | പ്രസ്തുത കാരണങ്ങളാൽ ക്ഷേമനിധി ബോർഡുകളിൽ നിന്ന് ശമ്പളവും, മറ്റ് അലവൻസുകളും ഇനത്തിൽ വൻതുക നഷ്ടപ്പെടുന്നത് സർക്കാർ പരിശോധിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ